# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1148 12/07/2016-ൽ മറുപടിയ്ക്ക്**

**"പൊതുശ്മശാനങ്ങൾ നിർമ്മിക്കാൻ നടപടി"**

| ചോദ്യം<br><br>(ശ്രീ.കെ. ദാസൻ) | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ പൊതു ശ്മശാനം നിർമ്മിക്കാൻ നിലവിൽ എന്തെല്ലാം സർക്കാർ സഹായവും, സംവിധാനങ്ങളുമാണ് ഉള്ളത് എന്നത് വിശദമാക്കുമോ; | (എ) | ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കു ന്നതിനും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 12-ാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ സംസ്ഥാ നത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും ശ്മശാനങ്ങൾ സ്ഥാപിക്കുന്നത് ഉറപ്പുവരുത്തു ന്നതിലേക്ക് പ്രോത്സാഹനം എന്ന നിലയിൽ സർക്കാർ പദ്ധതി ധനസഹായം നല്കി വരുന്നു. ഇതിലേക്കുള്ള ധനസഹായത്തിനായി ഗ്രാമ പഞ്ചായത്തുകളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് ജനസംഖ്യ, ജനസാന്ദ്രത. സ്ഥലലഭ്യത, അധിക തുക ചെലവഴിക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണ നിശ്ചയിച്ച് അർഹരായ ഗ്രാമ പഞ്ചായത്തുകളുടെ പട്ടിക തയ്യാറാക്കി ധനസഹായം അനുവദിച്ചു വരുന്നു. 2016-17 വർഷം ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണ ധനസഹായം അനുവദിക്കുന്ന തിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമ പ്രകാരം പൊതു ശ്മശാനങ്ങൾ സ്ഥാപിക്കുന്നത് നഗരസഭയുടെ അനിവാര്യ ചുമതലയാണ്. നഗരസഭകൾക്ക് ശ്മശാന നിർമ്മാണ ധനസഹായത്തിന് 2016-17-ൽ 10 കോടി രൂപാ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ മിക്ക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ശ്മശാനം നിർമ്മിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടും പൊതു ജനങ്ങളുടെ എതിർപ്പുമാണ് പൊതുശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രധാനവെല്ലുവിളി. നിലവിലുള്ള ശ്മശാനങ്ങൾ നവീകരിച്ച് വൈദ്യുതി ശ്മശാനങ്ങളും വാതക ഇന്ധനം ഉപയോഗിച്ചുള്ള ശ്മശാനങ്ങളുമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മിക്കാനുദ്ദേശി ക്കുന്നത്. മൃതദേഹങ്ങൾ ശാസ്ത്രീയമായി ദഹിപ്പിക്കാവുന്ന സംവിധാനം |

| | | | |
|---|---|---|---|
| | | | ന്നതിനും മലിനീകരണമുണ്ടാകാത്ത രീതിയിൽ അവ ദഹിപ്പിക്കുന്നതിനും ഇതിലൂടെ സാദ്ധ്യമാകും. പൊതു ശ്മശാനം നിലവിലില്ലാത്ത നഗരസഭകളിലും ഈ വിഷയത്തിൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭ്യമായ വിവരങ്ങൾ പ്രകാരം 47 മുനിസിപ്പാലിറ്റികളിലും 5 കോർപ്പ റേഷനുകളിലുമായി 52 പൊതു ശ്മശാനങ്ങൾ നിലവിലുണ്ട്. നഗരകാര്യ വകുപ്പു മുഖേന നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതിയായ "നഗരപ്രദേശങ്ങളിൽ വാതക ശ്മശാനങ്ങളുടെ നിർമ്മാണം" പദ്ധതിയിൽപ്പെടുത്തി നഗരസഭ കൾക്ക് ശ്മശാന നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം ഇതിനായി 10 കോടി രൂപ ബഡ്ജറ്റിൽ 4217-05-800-79 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**